കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം. പി.ആർ. 285/2024 തിരുവനന്തപുരം, തീയതി: 23/12/2024

# പത്രക്കുറിപ്പ്

## പരീക്ഷാഫലം

കേരളസർവകലാശാല 2024 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി. മാത്തമാറ്റിക്സ് (റെഗുലർ & സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് SLCM (2022 & 2021 അഡ്മിഷൻ) വിദ്യാർത്ഥികൾ www.slcm.keralauniversity.ac.in മുഖേനയും സപ്ലിമെന്ററി (2020 അഡ്മിഷൻ) വിദ്യാർത്ഥികൾ exams.keralauniversity.ac.in മുഖേനയും 2025 ജനുവരി 01 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. SLCM വിദ്യാർത്ഥികളുടെ അപേക്ഷാഫീസ് SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാലയുടെ ഒന്ന്, രണ്ട് സെമസ്റ്റർ കമ്പൈൻഡ് ബി.ടെക്. (2013 സ്കീം) (സപ്ലിമെന്ററി & സെഷണൽ ഇംപ്രൂവ്മെന്റ്) ജൂൺ 2024 പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in)

## സീറ്റൊഴിവ്

കേരളസർവകലാശാല അറബി വിഭാഗം നടത്തുന്ന അറബിക് ടൈപ്പിംഗ് കോഴ്സിലേക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത: പ്ലസ്ടു/തത്തുല്യം. ഫീസ്: 3000/- രൂപ. കാലാവധി: 3 മാസം. അപേക്ഷാഫോം www.arabicku.in ലും കാര്യവട്ടത്തുള്ള അറബി പഠന വകുപ്പിലും ലഭ്യമാണ്. അഡ്മിഷന് എസ്.എസ്.എൽ.സി, പ്ലസ് ടു സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം 2024 ഡിസംബർ 30 തിങ്കൾ രാവിലെ 10 മണിക്ക് പഠന വകുപ്പിൽ എത്തുക. വിശദവിവരങ്ങൾക്ക് : 9633812633/0471-2308846 (ഓഫീസ്).

## അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാല ജർമ്മൻ പഠന വിഭാഗം നടത്തുന്ന ജർമ്മൻ B1 (Deutsch B1) കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ്ടു/തത്തുല്യ യോഗ്യത + ജർമ്മൻ A2. കോഴ്സ് ഫീ Rs. 15000/-, കാലയളവ് 120 മണിക്കൂർ, സമയം 5.30 pm to 7.00 pm/10 am to 1 pm (തിങ്കൾ മുതൽ വെള്ളി വരെ) ആകെ സീറ്റ് : 30. അപേക്ഷാഫീസ് 105 രൂപയും രജിസ്ട്രേഷൻ ഫീസ് 105 രൂപയുമാണ് (payable at University Cash Counter or online), അപേക്ഷ ഫോം ജർമ്മൻ ഡിപ്പാർട്ട്മെന്റ് (യൂണിവേഴ്സിറ്റി) വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. (https://keralauniversity.ac.in/german). പൂരിപ്പിച്ച അപേക്ഷകൾ 2025 ജനുവരി 6 ന് 4 .00 pm വരെ പാളയം സെനറ്റ് ഹൗസ് ക്യാമ്പസ്സിൽ സ്ഥിതി ചെയ്യുന്ന ജർമ്മൻ പഠന വിഭാഗത്തിൽ സ്വീകരിക്കുന്നതാണ്.

കേരളസർവകലാശാല ജർമ്മൻ പഠന വിഭാഗം നടത്തുന്ന ജർമ്മൻ B2 (Deutsch B2) കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: പ്ലസ്ടു/തത്തുല്യ യോഗ്യത + ജർമ്മൻ B1. കോഴ്സ് ഫീ Rs. 17000/-, കാലയളവ് 120 മണിക്കൂർ, സമയം 5.30 pm to 7.00 pm/10 am to 1 pm (തിങ്കൾ മുതൽ വെള്ളി വരെ) ആകെ സീറ്റ് : 30. അപേക്ഷാഫീസ് 105 രൂപയും രജിസ്ട്രേഷൻ ഫീസ് 105 രൂപയുമാണ് (payable at University Cash Counter or online), അപേക്ഷ ഫോം ജർമ്മൻ ഡിപ്പാർട്ട്മെന്റ് (യൂണിവേഴ്സിറ്റി) വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. (https://keralauniversity.ac.in/german). പൂരിപ്പിച്ച അപേക്ഷകൾ 2025 ജനുവരി 6 ന് 4 .00 pm വരെ പാളയം സെനറ്റ് ഹൗസ് ക്യാമ്പസ്സിൽ സ്ഥിതി ചെയ്യുന്ന ജർമ്മൻ പഠന വിഭാഗത്തിൽ സ്വീകരിക്കുന്നതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**